പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – **3553** **10. 04. 2013-** ലെ മറുപടി

<u>പ്രവാസികളെ ഗൾഫ് ജയിലുകളിൽ നിന്നും മോചിപ്പിക്കാൻ നടപടി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
|---|---|
| <u>ശ്രീ. മുല്ലക്കര രത്നാകരൻ</u> | <u>ശ്രീ. കെ. സി. ജോസഫ്</u><br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)* |
| (എ) നോർക്ക വകുപ്പുമുഖേന 2012-13 കാലയളവിൽ എത്ര പ്രവാസികളെ ഗൾഫ് ജയിലുകളിൽ നിന്നും മോചിപ്പിച്ച് കേരളത്തിൽ എത്തിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്; | (എ) വിദേശ രാജ്യങ്ങളിലെ ജയിലുകളിൽ കഴിയുന്ന മലയാളികളെ സംബന്ധിക്കുന്ന അന്വേഷണങ്ങൾ കുടുംബാംഗങ്ങളിൽ നിന്നോ മലയാളി സംഘടനകളിൽ നിന്നോ വ്യക്തികളിൽ നിന്നോ മറ്റോ ലഭിക്കുകയാണെങ്കിൽ അതാത് ഇന്ത്യൻ എംബസികളുടെ ശ്രദ്ധയിൽക്കൊണ്ടുവന്ന് അവരുടെ മോചനത്തിനു വേണ്ടി നടപടികൾ സ്വീകരിക്കുന്നുണ്ട്. നാളിതുവരെ വളരെയധികം കേസുകളിൽ ഇടപെട്ട് നിരന്തര അന്വേഷണത്തിന്റെ ഫലമായി ഒട്ടനവധിപേരെ ജയിൽ മോചിതരാക്കിയിട്ടുണ്ട്. സർക്കാരിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്ന ഏത് ജയിൽകേസിലും ഉടനടി നടപടി സ്വീകരിച്ച് സാധ്യമായ രീതിയിൽ പ്രശ്നപരിഹാരത്തിന് ശ്രമിച്ചുവരുന്നുണ്ട്. ചില സന്ദർഭങ്ങളിൽ എംബസിയുടെ പാനലിൽ നിന്നുള്ള അഡ്വക്കേറ്റുമാരുടെ സേവനം ലഭ്യമാക്കി മോചനം സാധ്യമാക്കിയിട്ടുണ്ട്. എന്നാൽ മോചിതരായി കഴിഞ്ഞാൽ പ്രസ്തുത വിവരം കൃത്യമായി ഈ വകുപ്പിനെ ബന്ധപ്പെട്ട പരാതിക്കാരനോ എംബസിയോ അറിയിക്കാറില്ല എന്നതിനാൽ മോചിതരായവരുടെ കൃത്യമായ എണ്ണം ലഭ്യമല്ല. |
| (ബി) ഇതിനുവേണ്ടിയുള്ള എത്ര അപേക്ഷകൾ ഇപ്പോൾ നോർക്കയുടെ പരിഗണനയിലുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ബി) ഇപ്പോൾ നോർക്കയിൽ നിലവിൽ ജയിൽമോചിതർക്ക് വേണ്ടിയുള്ള 119 അപേക്ഷകൾ പരിഗണനയിലുണ്ട്. കേരളത്തിലെ വിവിധ ജില്ലകളിൽ നിന്നുള്ള വിവിധ വിദേശരാജ്യങ്ങളിൽ ജയിലിൽ കഴിയുന്നവർക്ക് വേണ്ടിയാണ് അപേക്ഷകൾ സമർപ്പിച്ചിട്ടുള്ളത്. ഇതിൽ മനപ്പൂർവ്വം കുറ്റം ചെയ്യാതെ നിയമകുരുക്കുകളിൽപ്പെട്ട് ജയിൽവാസം അനുഭവിക്കുന്നവരും യഥാർത്ഥത്തിൽ നിയമലംഘനം നടത്തി ജയിൽവാസം അനുഭവിക്കുന്നവരും ഉൾപ്പെടുന്നു. ആവശ്യമെന്നുകാണുന്ന എല്ലാ കേസിലും ബന്ധപ്പെട്ട ഇന്ത്യൻ എംബസിയുടെ പാനലിൽനിന്നുള്ള അഡ്വക്കേറ്റുമാരുടെ സേവനം ഇവർക്ക് നൽകി ഇവരുടെ മോചനത്തിനായി ശ്രമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ